(ബി) & (സി) കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് താഴെപ്പറയുന്ന പദ്ധതികൾക്ക് ഡി. റ്റി. പി. സി. നിർദ്ദേശം നൽകിയിട്ടുണ്ട്. പഴയങ്ങാടി ബസ് സ്റ്റേഷനിൽ പേ ആന്റ് യൂസ് ടോയ്‌ലറ്റ് നിർമ്മാണം (9 ലക്ഷം രൂപ മതിപ്പ് ചെലവ്), മീൻകുന്ന് ബീച്ച് സൗന്ദര്യവൽക്കരണം (32,50,000 രൂപ മതിപ്പ് ചെലവ്), ശ്രീ. രാജരാജേശ്വര ക്ഷേത്രത്തിൽ പിൽഗ്രിം അമിനിറ്റി സെന്റർ (21,73,753 രൂപ മതിപ്പ് ചെലവ്), ഏലപ്പാറ-ശശിപ്പാറ റോഡ് വികസനം (28 ലക്ഷം രൂപ മതിപ്പ് ചെലവ്) കൂടാതെ ടൂറിസം വകുപ്പ് താഴെപ്പറയുന്ന പദ്ധതികളും കണ്ണൂരിൽ നടപ്പിലാക്കി വരുന്നു. അറയ്ക്കൽ കെട്ട് സംരക്ഷണം (9,82,851 രൂപ മതിപ്പ് ചെലവ്), പൈതൽമല ഇക്കോ-ടൂറിസം വികസനം (60 ലക്ഷം രൂപ മതിപ്പ് ചെലവ്), വാടിക്കലിൽ ഹൗസ് ബോട്ട് ടെർമിനൽ (1,20,00,000 രൂപ മതിപ്പ് ചെലവ്), കോട്ടിയിൽ ബോട്ട് ജെട്ടി നിർമ്മാണം (96,34,578 രൂപ മതിപ്പ് ചെലവ്), അഴീക്കലിൽ ബോട്ട് ജെട്ടി നിർമ്മാണം (40 ലക്ഷം രൂപ മതിപ്പ് ചെലവ്), പറശ്ശിനിക്കടവ് വികസനം (1,16,50,000 രൂപ മതിപ്പ് ചെലവ്), പൈതൽമലയിൽ ടൂറിസ്റ്റ് കോംപ്ലക്സ് (1,72,00,000 രൂപ മതിപ്പ് ചെലവ്), പയ്യന്നൂരിൽ ഗാന്ധിമൈതാന വികസനം (85,75,000 രൂപ മതിപ്പ് ചെലവ്), കിഴക്കേക്കര കോവിലകത്തിന്റെ പുനരുദ്ധാരണം (8,25,000 രൂപ മതിപ്പ് ചെലവ്), ഇരുട്ടി ഏരിയയിലെ റോഡുകളുടെ വികസനം (29,75,000 രൂപ മതിപ്പ് ചെലവ്), മുഴിപ്പിലങ്ങാട് കടവ്-പുഴക്കര മമ്മക്കുന്ന് കടവ് റോഡിന്റെ വികസനവും, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും (20 ലക്ഷം രൂപ മതിപ്പ് ചെലവ്), പൊട്ടൻപ്ലാവ്-മണിയാണിക്കവല പൈതൽമല റോഡ് വികസനം (98,46,284 രൂപ മതിപ്പ് ചെലവ്) ഇതു കൂടാതെ മുഴിപ്പിലങ്ങാട്, പയ്യാമ്പലം ബീച്ചുകളുടെ സൗന്ദര്യവൽക്കരണത്തിനും വിപുലീകരണത്തിനും പദ്ധതികൾ തയ്യാറാക്കിവരുന്നു.

(ഡി) സ്വീകരിച്ചു വരുന്നു.

ഇക്കോ ടൂറിസം

75 [386] *ശ്രീ. ജി. കാർത്തികേയൻ:*
„ ഇ. എം. അഗസ്തി:
„ വി. ജെ. പൗലോസ്:
„ എം. എ. ചന്ദ്രശേഖരൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണ്ടിപ്പത്ത് ഭാഗം ഇക്കോ ടൂറിസം മേഖലയാക്കുവാനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മേഖല സന്ദർശിക്കുന്ന തദ്ദേശവാസികൾക്കും വിദേശിയർക്കും ഏർപ്പെടുത്താനുദ്ദേശിക്കുന്ന ഫീസെത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവിടെ താമസത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 'ട്രക്കിംഗ് ടു ബൈസൺ അബോഡ്' എന്ന പേരിൽ ചെമ്മുഞ്ഞി, പാണ്ടിപ്പത്ത് എന്നിവിടങ്ങളിലേക്ക് പത്ത് കിലോമീറ്റർ ദൈർഘ്യമുള്ളതും രാത്രികാല താമസമുള്ളതുമായ ഒരു ട്രക്കിംഗ് പാക്കേജ് ആണ് വിഭാവന ചെയ്തിട്ടുള്ളത്. ബോണക്കാടിൽ നിന്നും ആരംഭിക്കുന്ന ഈ ട്രക്കിംഗ് ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി മുഖേനയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. എട്ടുപേരടങ്ങുന്ന ഒരു ഗ്രൂപ്പ് ഇന്ത്യൻ സഞ്ചാരികൾക്ക് 3500 രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. വിദേശ സഞ്ചാരികൾക്കായി 7000 രൂപയാണ് ഫീസ്. 8 പേർക്കുള്ള ആഹാരം, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി (ഇ. ഡി. സി.)-യുടെ ചാർജ്ജ്, പ്രവേശന ഫീസ്, പാർക്കിംഗും മറ്റു സൗകര്യ സേവനങ്ങളും എന്നിവ ഉൾപ്പെടെയാണ് പ്രസ്തുത ഫീസ്. ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം വന്യജീവി ഡിവിഷന്റെ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റിയാണ് ഇത് നടപ്പാക്കുന്നത്.

(സി) ഈ ട്രക്കിംഗിന്റെ ഭാഗമായി വനത്തിനുള്ളിൽ രാത്രിയിൽ ക്യാമ്പിംഗ് സൗകര്യങ്ങളും ടെന്റഡ് അക്കോമഡേഷനും ഏർപ്പെടുത്തുന്നതാണ്.

ആക്കുളം ടൂറിസം മേഖലയുടെ വികസനം

76 [387] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസം മേഖലയുടെ വികസനത്തിനും നവീകരണത്തിനുമായി 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആക്കുളത്തെ ടൂറിസം വ്യാപനത്തിനായി ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആക്കുളത്തെ ചിൽഡ്രൻസ് പാർക്ക് നവീകരണത്തിനും കൃത്രിമ വെള്ളച്ചാട്ട പദ്ധതി പൂർത്തിയാക്കാനും സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) ബോട്ട് ക്ലബ്ബിൽ കൂടുതൽ ബോട്ടുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly